# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെഎസ്എ/കെഎൻആർ/സി10/104/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/03/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/കെഎൻആർ/സി10/104/22 തീയ്യതി: 05/03/2022

## കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 04-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.ഷിജു.എ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഉഷ.എ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.നിഖില.എ.എം -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജിത്ത് കുമാർ.ജി.വി | സെക്രട്ടറി | 01-04-2019 | 08-07-2019 |
| ശ്രീ.രമേഷ്.പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-07-2019 | 05-08-2019 |
| ശ്രീ.പ്രദീപൻ തെക്കേക്കാട്ടിൽ | സെക്രട്ടറി | 06-08-2019 | 31-03-2020 |
| ശ്രീ.സുഭാഷ്.പി.പി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനുപമ.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ദർശന .യു | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.രഞ്ജിത്ത് നടേഷ് | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2019 | 30-01-2020 |
| ഡോ.ചസ്മ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 31-01-2020 | 31-03-2020 |
| ഡോ.അനീഷ് കുമാർ.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.ജിസ്മി അഗസ്റ്റിൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.എബിനു മഷൂദ്.എ | അസിസ്റ്റന്റ് എഞ്ചിനിയർ | 11-05-2019 | 23-07-2019 |
| ശ്രീ.ബാബുരാജ്.പി.ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 24-07-2019 | 31-03-2020 |
| ശ്രീ.ശശിധരൻ.എം.പി | ഹെഡ് മാസ്റ്റർ | 01-04-2019 | 23-05-2019 |
| ശ്രീ.മനോഹരൻ കോളപ്രത്ത് | ഹെഡ് മാസ്റ്റർ | 04-06-2019 | 31-03-2020 |
| ശ്രീ.രമേഷ്.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.രേഷ്മ രവീന്ദ്രൻ | വി ഇ ഒ (തില്ലങ്കേരി സെക്ഷൻ) | 01-04-2019 | 28-08-2019 |
| ശ്രീ.ജെയിംസ് .കെ.സി | വി ഇ ഒ ( തില്ലങ്കേരി സെക്ഷൻ) | 29-08-2019 | 31-03-2020 |
| ശ്രീമതി.സുജ ഐപ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 10-05-2019 |
| ശ്രീമതി.ധനലക്ഷ്മി.കെ.വി. | ഹെഡ് മിസ്ട്രസ് | 24-05-2019 | 03-06-2019 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Nikhila A.M. (Auditor, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-9 |
| 11 | കമ്മിറ്റികളുടെ പ്രവർത്തനം<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 1-10 |
| 12 | ഗ്രാമസഭ<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-11 |
| 13 | എഫ് ടി ഇ & ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-12 |
| 14 | സേവന ഉപനികുതി ചുമത്താവുന്നതാണ്<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 1-13 |
| 15 | വാടക ബൈലോ തയ്യാറാക്കിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 1-14 |
| 16 | മൂലധന നിക്ഷേപം കണക്കാക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ച<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-15 |
| 17 | ക്ഷാമബത്ത കുടിശ്ശിക-എൻ.പി.എസ് വിഹിതം ഒടുക്കിയതിന്റെ വിവരം | 1-16 |

| | | |
|---|---|---|
| | ലഭ്യമാക്കിയിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 21-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-03-2022) | |
| 18 | റോഡരികിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-17 |
| 19 | പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമക്കിയിട്ടില്ല - ചെലവ് തുക 165173/- തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-18 |
| 20 | വെറ്റിനറി ഡിസ്പെൻസറിയിലേക്ക് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും- ചെലവ് രേഖകളുടെ അഭാവത്തിൽ 59660/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Usha.A (Asst. Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 1-19 |
| 21 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല<br>Written By: Usha.A (Asst. Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 1-20 |
| 22 | കൃഷിഭവനിലേക്ക് കംപ്യൂട്ടറും പ്രിന്ററും വാങ്ങൽ -രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 14851 രൂപ തടസ്സപ്പെടുത്തുന്നു .<br>Written By: Usha.A (Asst. Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-21 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-അപാകങ്ങളും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതും<br>Written By: Usha.A (Asst. Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-22 |
| 24 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി അപാകതകൾ<br>Written By: Nikhila A.M. (Auditor, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-23 |
| 25 | പെൻഷൻ വിതരണം-അനർഹമായി നൽകിയ ₹ 34,600 തിരിച്ചടച്ചു<br>Written By: Lathavani (Audit Officer, On 22-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-24 |
| 26 | ഹോമിയോ മരുന്ന് വാങ്ങൽ - 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-25 |
| 27 | സാമൂഹ്യ വിദ്യാഭ്യാസ യജ്ഞം -രേഖകൾ ഹാജരാക്കാത്തത് - ₹30,000 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 1-26 |
| 28 | എസ് എസ് എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കാത്തത്<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 1-27 |
| 29 | തുല്യത പരീക്ഷയുടെ രേഖകൾ ഹാജരാക്കേണ്ടതും തുടർപ്രവർത്തനങ്ങൾ | 1-28 |

| | | |
|---|---|---|
| | വിലയിരുത്തേണ്ടതും<br>Written By: Lathavani (Audit Officer, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 4-1 |
| 2 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ചഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 4-3 |
| 4 | മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 4-4 |
| 5 | വായ്പ / വായ്പതിരിച്ചടവ്<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 4-6 |
| 7 | ഓഡിറ്റ്റിക്കവറി<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 4-7 |
| 8 | സമാഹൃതഓഡിറ്റ്റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 24-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 4-8 |
| 9 | ചാർജ്/സർചാർജ്നടപടിവഴിഈടാക്കിയതുകയുടെവിവരം-<br>Written By: Lathavani (Audit Officer, On 20-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 03-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Usha.A (Asst. Audit Officer, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Usha.A (Asst. Audit Officer, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| ഭരണസമിതി തീരുമാനം & തിയ്യതി | 37/2019 27/02/2019 | ഭരണസമിതി തീരുമാനം & തിയ്യതി | 41/21 27/03/2020 |
| ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നം. & തീയതി | 8/19 Dt 14.2.2019 | ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നം. & തീയതി | 20/20 Dt.20.03.2020 |
| മുന്നിരിപ്പ് | 2366538 | മുന്നിരിപ്പ് | 1849949 |
| വരവ് | 110065175 | വരവ് | 105448377 |
| ആകെ | 112431713 | ആകെ | 107298326 |
| ചെലവ് | 110335175 | ചെലവ് | 106252877 |
| നീക്കിയിരിപ്പ് | 2096538 | നീക്കിയിരിപ്പ് | 1045449 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 04.01.2019ന് സ്ഥാപന മേധാവികളിൽ നിന്ന് ശുപാർശകൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ശുപാർശകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബജറ്റ് പ്രസംഗം ഡോക്യുമെന്റ് ചെയ്തിട്ടില്ല. പെർഫോർമൻസ് ബജറ്റ് & ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ബജറ്റ് മാന്വൽ G.O.(Rt)3291/16 LSGD തീയതി 02.12.2016 നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തില്ലങ്കേരി ഗ്രാമ പഞ്ചായത്തിന്റെ 11.6.2020ലെ 52/2020 നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 12.06.2020 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1- വാർഷിക ധനകാര്യപത്രികയിൽ RP-47 പ്രകാരം മുൻകൂർ നൽകിയ തുകയായി രേഖപ്പെടുത്തിയ 10,19,105/- , മുൻകൂർ രജിസ്റ്ററിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

2- ADVANCE TO IMPLEMENTING OFFICERS-14,767/- രൂപ അംഗൻവാടി ഇലക്ട്രിഫിക്കേന് മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുൻകൂർ നൽകിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഇല്ല.

3- കോൺട്രാക്ടേഴസ് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ മുൻവർഷം ക്രമീകരിക്കാനുള്ളത് 1,67,395/- രൂപയാണ്. ഈ വർഷം ഡെപ്പോസിറ്റ് ലഭിച്ചത് 2,000/- രൂപയാണ്. ഇപ്രകാരം ആകെ ക്രമീകരിക്കാനുള്ളത് 1,69,395/- രൂപയാണ്. ഈ വർഷം 1,70,795/- രൂപ ഫോർഫീറ്റ് ചെയ്തിട്ടുണ്ട്. ആകെ ക്രമീകരിക്കാനുള്ള തുകയിൽ നിന്നും അതിൽ കൂടുതൽ തുക ഫോർഫീറ്റ് ചെയ്തത് എപ്രകാരമെന്ന് വ്യക്തമല്ല.

4- RP-34 ഡെപ്പോസിറ്റ് റിസീവ്ഡിൽ ചേർത്തിരിക്കുന്ന അദർ ഡെപ്പോസിറ്റ് 5,658/- രൂപ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5- സംയുക്ത പ്രോജക്ടിൽ വിനിയോഗിക്കാനായി B4-ൽ ലഭിച്ച ഫണ്ടിന്റെ നീക്കിയിരിപ്പ് തുക ₹47,21,272ഉം , സ്പെഷൽ ടി എസ് ബിയിൽ RP-40(b) -₹47,31,604 ഉം ആണ്.വ്യത്യാസം 10,332/- ഏതിനത്തിലുള്ളതാണന്ന് ലഭ്യമാക്കിയിട്ടില്ല

6- വസ്തു നികുതി വാർഷിക ധനകാര്യ പത്രികയും, സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രികയിലെ | സഞ്ചയ- |
|---|---|---|

| | രേഖപ്പെടുത്തലുകൾ പ്രകാരം | ഡി.സി.ബി.പ്രകാരം |
|---|---|---|
| വസ്തു നികുതി-തൻവർഷം | I-1-ഡിമാൻഡ് -15,41,283/-<br>RP43-കളക്ഷൻ - 14,92,219/-<br>B15-നീക്കിയിരിപ്പ് - 23,319/- | ഡിമാൻഡ് -15,42,855<br>കളക്ഷൻ -14,92,225<br>ബുക്ക് അഡ്ജസ്റ്റ്മെന്റ് -28859<br>നീക്കിയിരിപ്പ് - 24987 |
| കെട്ടിട നികുതി കുടിശ്ശിക | 18-19 കിട്ടാനുള്ളത് - 1617<br>RP 43 കളക്ഷൻ - 562<br>നീക്കിയിരിപ്പ് - 1617 | കിട്ടാനുള്ളത്- 5786<br>കളക്ഷൻ - 1153<br>നീക്കിയിരിപ്പ് - 5224 |

7- ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയിൽ (ഈ റിപ്പോർട്ടിലെ ഭാഗം 4-3 കാണുക) വിനിയോഗിക്കാൻ ബാക്കിയുള്ള തുക ബാധ്യതയിൽ ഉൾപ്പെടുത്തിയിട്ടില്ല.

8- ജീവനക്കാരുടെ ലീവ് സറണ്ടർ തുകയുടെ വിവരങ്ങൾ RP11 പത്രികയിൽ കാണിച്ചിട്ടില്ല.

9- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10- വാർഷിക ധനകാര്യ പത്രികയിലെ B18 ൽ ഇംപ്രസ്ഡ് തുക കാണിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 62,99,463.30 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,46,55,384.00 |
| ആകെ | 40954847.30 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 30149572.00 |
| നീക്കിയിരിപ്പ് | 10805275.30 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 319684 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ക്യൂബിൽ | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 0 | 68,98,146 | 68,98,146 | 6693368 | 203251 | 1527 |
| വികസന ഫണ്ട് എസ്.സി.പി | | 0 | 625294 | 625294 | 207832 | 2,17,500 | 9668 |
| വികസനഫണ്ട് 'ടി എസ് പി ' | | 0 | 9,88,000 | 9,88,000 | 175000 | 3,75,000 | 4,38,000 |
| മെയിന്റനൻസ് റോഡ് | | 0 | 52,07,000 | 52,07,000 | 3446631 | 1356882 | 403487 |
| മെയിന്റനൻസ് നോൺറോഡ് | | 0 | 32,47,000 | 32,47,000 | 2563520 | 4,31,000 | 2,52480 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ-ബേസിക് | | 0 | 5928461 | 5928461 | 2179177 | 13,67,788 | 23,81,496 |
| എംജിഎൻ ആർഇ ജിഎസ് | ഭരണചെലവ് | 7712 | 1224705 | 1232417 | 831955 | | 400462 |
| | തൊഴിലാളികളുടെ കൂലി,സാധന സാമഗ്രികളുടെ ചെലവ് | 0 | 35916876 | 35916876 | 35916876 | | |
| സ്പെഷ്യൽ അലവൻസ്-100 തൊഴിൽ ദിനം | | | 4,39,000 | 4,39,000 | 4,39,000 | | |
| ഐസിഡിഎസ് | | 927918 | 649701 | 1577619 | 347284 | | 1230335 |

| | | | | | | |
|---|---|---|---|---|---|---|
| ടി എസ് സി | 665745 | 0 | 665745 | 0 | | 665745 |
| പശ്ചിമ ഘട്ട വികസന പദ്ധതി | 563186 | 22132 | 585318 | 0 | | 585318 |
| കുടിവെള്ളം | 10,000 | 0 | 10,000 | 0 | | 10,000 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ്- | 12,000 | 0 | 12000 | 0 | | 12000 |
| എം പി ഫണ്ട് | 523 | 12 | 535 | 535 | | 0 |
| മൃഗ സംരംക്ഷണം | 965 | 0 | 965 | 0 | | 965 |
| സാക്ഷരത | 35299.50 | 1387 | 36686.50 | 0 | | 36686.50 |
| ശുചിത്വം | 1176214 | 0 | 1176214 | 253822 | | 922392 |
| വിമുക്തി | 33460 | 0 | 33460 | 0 | | 33460 |
| നിർമ്മൽ പുരസ്കാർ | 120658 | 0 | 120658 | 0 | | 120658 |
| ആയുർവേദാശുപത്രി നവീകരണം | 0 | 778042 | 778042 | 0 | | 778042 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | | 0 |
| ആശ്രയ | 0 | 142426 | 142426 | 142426 | | 0 |

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ നീക്കിയിരിപ്പ് 4,00,462/-ന് പകരം 4,08,977/- ആണ്. ക്യാഷ് ബുക്കിൽ അനുരഞ്ജന പത്രിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സംസ്ഥാനാവിഷ്കൃത വിഹിതം ശുചിത്വമിനത്തിലുള്ള ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം 2,61,517/- ആണ്. എന്നാൽ ഗ്രാന്റ് രജിസ്റ്ററിൽ 2,53,822/- രേഖപ്പെടുത്തിയിട്ടുണ്ട്. 7,655/- രൂപയുടെ വ്യത്യാസം പരിഹരിക്കേണ്ടതാണ്. മുൻവർഷം നീക്കിയിരിപ്പുള്ള തുകയിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക ചെലവഴിക്കുകയോ അല്ലാത്ത പക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ ആകെ 37% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 120 | 46988477 | 69 | 19276529 | 46 | 23 | 51 | 38.33 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചടച്ചിട്ടുള്ള വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 1808425 | 4 | 1066000 | 4 | 58.94 |
| 2 | വെറ്റിനറിസർജൻ | 2875000 | 8 | 2532500 | 6 | 88.08 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 1553092 | 7 | 929280 | 6 | 59.83 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4,55,000 | 3 | 4,55,000 | 3 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തില്ലങ്കേരി) | 5255657 | 9 | 2809457 | 5 | 53.45 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3181053 | 3 | 2738456 | 3 | 86.08 |
| 7 | സെക്രട്ടറി | 2075904 | 15 | 615980 | 10 | 29.67 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 24076596 | 57 | 7275801 | 24 | 30.21 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 48,48,000 | 7 | 247832 | 4 | 5.11 |
| 10 | ഹെഡ്മാസ്റ്റർ, | 859750 | 7 | 606223 | 4 | 70.51 |
| | | 46988477 | 120 | 19276529 | 69 | 41.02 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാൻ നിശ്ചയിച്ച ബഡ്സ് സ്കൂൾ തുടർപ്രവർത്തനത്തിന് 37 ലക്ഷം അടങ്കൽ വച്ചിട്ടുണ്ടെങ്കിലും പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. ഇതിനായി വകയിരുത്തിയ 10 ലക്ഷം ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ല. കൂടാതെ ആശ്രയ അഗതിരഹിതകേരളം പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. അതിനാൽ ചെലവ് ശതമാനത്തിൽ വളരെയേറെ കുറവുണ്ടായിട്ടുണ്ട്. പാർശ്വവത്കരിക്കപ്പെടുന്നവരുടെ ഉന്നമനത്തിന് ഉതകുന്ന ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കാതെയിരിക്കുന്നത് ആശ്വാസകരമായ പ്രവണതയല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണചെലവ് | 7712 | 1224705 | 1232417 | 831955 | 400462 |
| തൊഴിലാളികളുടെ കൂലി, സാധന സാമഗ്രികളുടെ ചെലവ് | 0 | 35916876 | 35916876 | 35916876 | |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3825600 | 588 |
| വിധവാ പെൻഷൻ | 3711600 | 626 |
| വാർദ്ധക്യകാല പെൻഷൻ | 4322100 | 718 |
| ഭിന്നശേഷി പെൻഷൻ | 13,44,400 | 234 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3,44,400 | 56 |
| തൊഴിൽരഹിത വേതനം | 1,32,960 | ലഭ്യമല്ല |
| വിവാഹ ധനസഹായം | 2,10,000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-01-2022 12.30 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5968/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2019-20 വർഷം 03/2020ൽ ഒഴികെ ബാക്കി എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് ചേർന്ന് തീരുമാനങ്ങൾ രേഖപ്പെടുത്തുന്നുണ്ട്.

ഓഫീസ് ഉത്തരവുകൾ യഥാസമയം പുറപ്പെടുവിക്കുന്നുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്. പുതുക്കി പണിത കെട്ടിടങ്ങൾ കണ്ടെത്തി വസ്തു നികുതി പരിഷ്കരിക്കുന്നില്ല. മൂലധന

നിക്ഷേപങ്ങൾക്കനുസരിച്ചുള്ള ലൈസൻസ് ഈടാക്കുന്നില്ല. ശുചിത്വപരിപാലനം, ജലവിതരണം മുതലായ സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നില്ല. കെട്ടിടം വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കിയിട്ടില്ല. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പഞ്ചായത്തിന്റെ അറിയിപ്പുകളും വിവരങ്ങളും ഒരേ സമയം ടെലിഫോൺ കോൾ വഴി ജനങ്ങളിലെത്തിക്കുന്നതിനും, ജനങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുന്നതിനുമുള്ള സംവിധാനമായ സ്മാർട്ട് കോളർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## 1-10 കമ്മിറ്റികളുടെ പ്രവർത്തനം

ആസൂത്രണ സമിതി - 2019-20 വർഷത്ത പദ്ധതി രൂപീകരിക്കുന്നതിനായി ആസൂത്രണ സമിതി 2.10.2018ന് ഒരു യോഗം കൂടിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്- 2019-20 വാർഷിക പദ്ധതി രൂപീകരണത്തിനായി 02.10.2018നും 29.11.2018നും കൂടെ ആകെ 2 യോഗം കൂടിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനുട്ട്സിൽ വിശദമായൊന്നും രേഖപ്പെടുത്തിയിട്ടില്ല. മിനുട്ട്സ് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ഗ്രാമസഭയിലും, വികസന സെമിനാറിലും അവതരിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി യോഗവും (02.10.18), വികസന സെമിനാറും (29.11.2018) വൻ പങ്കാളിത്തത്തോടെ നടന്നിട്ടുണ്ട്. എന്നാൽ മിനുട്ടിസിൽ രേഖപ്പെടുത്തലുകളോ,സാക്ഷ്യപ്പെടുത്തലോ ഇല്ല.

## 1-11 ഗ്രാമസഭ

ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ മൂന്ന് തവണ വീതം ഗ്രാമ സഭകൾ ചേർന്നിട്ടുണ്ട്. ജൂലൈ മാസം ചേർന്ന ഗ്രാമസഭയിൽ അഡീഷണൽ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, വ്യക്തിഗത ഗുണഭോക്താക്കളെ അംഗീകരിക്കൽ, തൊഴിലുറപ്പ് പദ്ധതി വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി പുനഃസംഘടന, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരണം എന്നിവയും, ഒക്ടോബർ മാസം ചേർന്ന രണ്ടാമത്തെ ഗ്രാമസഭയിൽ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ തയ്യാറാക്കൽ എന്നിവയും, ഫെബ്രുവരി മാസം കൂടിയ മൂന്നാമത്തെ ഗ്രാമസഭയിൽ 2019-20 വർഷത്തെ അഡീഷണൽ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, വാർഷിക പദ്ധതി രൂപീകരണം, വാർഷിക പദ്ധതി അവലോകനം എന്നിവയും അജണ്ടകളായി ഉൾപ്പെടുത്തി. 1997ലെ KPR(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല. മികച്ച പങ്കാളിത്തം യോഗത്തിലുണ്ടായിട്ടുണ്ട്. യോഗ മിനുട്സുകളെല്ലാം എഴുതി പൂർത്തീകരിച്ചിട്ടുണ്ട്.

## 1-12 എഫ് ടി ഇ & ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) , 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3,4 എന്നിവ അനുശാസിക്കുന്നു. 2019-20 വർഷത്തെ എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം | കെട്ടിട നമ്പർ/ സംരംഭം |
|---|---|---|---|
| 1. | ഫൽഗുണൻ. ടി. കെ | 2 | 10/194 -ടൂ വീലർ റിപ്പയറിംഗ് |
| 2. | സതീഷ്. പി. കെ | 4 | 3/257 B-സിമന്റ് വില്പന |
| 3. | ഡോ: ജസീറ ചോലയിൽ | 2 | 8/381 E F -ഡെന്റൽ ക്ലിനിക്ക് |
| 4. | പ്രകാശ്. ആർ | 3 | 4/196, 197 - സ്റ്റേഷനറി |

| | | | |
|---|---|---|---|
| 5 | അസ്കർ. കെ | 2 | 2/90 A –പലചരക്ക് |
| 6 | ജിതിൻ. കെ. പി | 2 | 8/439 -ജെന്റ്സ് വെയർ ഷോപ്പ് നടത്തുന്നതിന് |
| 7 | സന്തോഷ്. ജെ. പി | 2 | 1/230 A B - പലഹാരം നിർമാണം |
| 8 | ദിവ്യ സതീഷ് | 5 | 2/90 G-ഹിന്ദുസ്ഥാൻ യൂണി ലിവറിന്റെ സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വില്പന |
| 9 | സുധീർകുമാർ. വി. പി | 3 | 10/106 – ഫർണിച്ചർ നിർമാണം |
| 10 | വെങ്ങിണിശ്ശേരി കുഞ്ഞിരാമൻ | 2 | 11/149 - പൊതുവിതരണ കേന്ദ്രം |

അപാകങ്ങൾക്ക് ഓഡിറ്റ് എൻക്വയറി (1/10.01.2022) നൽകിയതിന്, ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒരാൾ മാത്രമേ ജോലി ചെയ്യുന്നുള്ളൂ എന്നും അപേക്ഷയിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നുമാണ് മറുപടി നൽകിയത്. എന്നാൽ 2019-20 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത മേല്പറഞ്ഞ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. മേല്പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 സേവന ഉപനികുതി ചുമത്താവുന്നതാണ്

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 200(2), 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തനത് വരുമാനം നന്നേ കുറവായ പഞ്ചായത്തിൽ ദൈനംദിന ആവശ്യങ്ങൾക്ക് പോലും ഫണ്ട് തികയാത്ത അവസ്ഥയാണ് നിലവിലുള്ളത്. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയായി നാല് രൂപയാണ് ഈടാക്കി വരുന്നത്. ആയതിനാൽ അനിവാര്യ സേവനങ്ങൾ നൽകുന്നതിനാവശ്യമായ ചെലവിന് ആനുപാതിക രീതിയിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 വാടക ബൈലോ തയ്യാറാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 256 പ്രകാരം ഈ നിയമത്തിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടു കൂടി ബൈലോകൾ ഉണ്ടാക്കേണ്ടതാണ്. കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്. കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് നിലവിൽ ഇതുവരെ ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കിയിട്ടില്ല. വാടക ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 മൂലധന നിക്ഷേപം കണക്കാക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റു വരവിന് പകരം മൂലധന നിക്ഷേപത്തിന്റെ

അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ലാതെയും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയുമാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയും ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ചട്ടപ്രകാരം ഈടാക്കേണ്ട പരമാവധി ഫീസിനത്തിൽ ഏറ്റവും കുറഞ്ഞ ഫീസായ 500/- രൂപയിലും കുറവ് തുകയാണ് ഈടാക്കിയത്.

| ക്രമ നം. | ഉടമയുടെ പേര് | കെട്ടിട നം./ സംരംഭം | ഈടാക്കിയ ഫീസ് (₹)/രശീത് നം/തിയ്യതി | കുറവ് വന്ന തുക ഈടാക്കിയത് (₹)/രശീത് നം/തിയ്യതി |
|---|---|---|---|---|
| 1 | സി.കെ. അബ്ദുൾ ഹമീദ് | 13/282 A ലൈവ് സ്റ്റോക്ക് ഫാം | 100/- 119030100363/ 27.05.19 | നോട്ടീസ് നല്കിയിട്ടുണ്ടെന്നറിയിച്ചു |
| 2 | കൊയിലോട്ട് ഷംസിയ | 3/58 A കോഴിഫാം | 250/- 119030100519/ 13.06.19 | നോട്ടീസ് നല്കിയിട്ടുണ്ടെന്നറിയിച്ചു |
| 3 | കോങ്ങോടൻ വത്സൻ | 2/110 C പലചരക്ക് കട | 300/- 11903010044/ 25.07.19 | നോട്ടീസ് നല്കിയിട്ടുണ്ടെന്നറിയിച്ചു |
| 4 | ഫാഫി. കെ | 3/120 A പൗൾട്രി ഫാം | 250/- 119030100597/ 22.06.19 | നിലവിൽ പ്രവർത്തിക്കുന്നില്ലെന്നറിയിച്ചു |
| 5 | ഇ.കെ സനിൽകുമാർ | 7/174 ബേക്കറി | 300/- 119030100601/ 22.06.19 | നോട്ടീസ് നല്കിയിട്ടുണ്ടെന്നറിയിച്ചു |
| 6 | എം. അബ്ദുൾ ഖാദർ | 8/528 മൊബൈൽ കട | 200/- 119030100605/ 22.06.19 | 300/- രൂപ രസീത് നം.121030103411/ 12.01.22 പ്രകാരം അടവാക്കി |
| 7 | പി. കെ. അബ്ദുള്ളക്കുട്ടി | 8/145,147 പലചരക്ക് കട | 200/- 119030104274/ 28.06.19 | നോട്ടീസ് നല്കിയിട്ടുണ്ടെന്നറിയിച്ചു |
| 8 | കാരായി നാരായണൻ | 12/253 പലചരക്ക് കട | 300/- 11903010076162/ 03.07.19 | 200/-രൂപ രസീത് നം.121030103447/ 14.01.22 പ്രകാരം അടവാക്കി |
| 9 | എം. അശോകൻ | 8/483 ആയുർവ്വേദ ഔഷധ വില്പന | 300/- 119030100978/02.07.19 | 200/-രൂപ രസീത് നം.1210301458/14.01.22 പ്രകാരം അടവാക്കി |
| 10 | കുന്നമ്മൽ ബാലകൃഷ്ണൻ | 8/473 ടൈലറിംഗ് | 300/- 119030100980/29.07.19 | നോട്ടീസ് നല്കിയിട്ടുണ്ടെന്നറിയിച്ചു |

| | | | | |
|---|---|---|---|---|
| | | ഷോപ്പ് | | |
| 11 | പി.വി.സുരേന്ദ്രൻ | 8/482<br>RCM ഉല്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് വില്പന | 300/-<br>11903010033/03.08.19 | 200/-രൂപ രസീത് നം.1210301438/ 14.01.22 പ്രകാരം അടവാക്കി |
| 12 | കന്നത്ത് നാസർ | 6/225<br>ആയുർവ്വേദ ഔഷധ വില്പന | 300/-<br>119030101156/26.08.19 | 200/- രൂപ രസീത് നം.1210301448/ 14.01.22 പ്രകാരം അടവാക്കി |
| 13 | കെ.നാരായണൻ | 8/568<br>ബേക്കറി | 300/-<br>119030101166/27.08.19 | 200/- രൂപ രസീത് നം.1210301439/ 14.01.22 പ്രകാരം അടവാക്കി |
| 14 | കെ.നാരായണൻ | 10/76 B<br>ബേക്കറി | 300/-<br>119030101164/27.08.19 | 200/- രൂപ രസീത് നം.1210301440/ 14.01.22 പ്രകാരം അടവാക്കി |
| 15 | കേളോത്ത് പന്നിയോടൻ രാമചന്ദ്രൻ | 4/78, 79<br>പലചരക്ക് കട | 300/-<br>119030104274/15.11.19 | 200/-രൂപ രസീത് നം.1210301449/ 14.01.22 പ്രകാരം അടവാക്കി |
| 16 | മംഗലാടൻ അബൂബക്കർ | 8/348<br>ചായക്കട | 300/-<br>1190301016855/24.11.19 | നോട്ടീസ് നല്കിയിട്ടുണ്ടെന്നറിയിച്ചു |
| 17 | കാരാട്ട് സുകുമാരൻ | 12/205 A<br>പലചരക്ക് കട | 300/-<br>119030101777/02.11.19 | 200/- രൂപ രസീത് നം.1210301448/ 14.01.22 പ്രകാരം അടവാക്കി |
| 18 | നരീക്കോടൻ കൃഷ്ണൻ നായർ | 13/44,45<br>പലചരക്ക് കട | 300/-<br>119030101803/05.11.19 | 200/- രൂപ രസീത് നം.1210301441/ 14.01.22 പ്രകാരം അടവാക്കി |
| 19 | സി.എം. ഗോപാലൻ | 2/23 A<br>പലചരക്ക് കട | 300/-<br>119030101967/19.11.19 | 200/- രൂപ രസീത് നം.1210301450/ 14.01.22 പ്രകാരം അടവാക്കി |
| 20 | അരയാക്കണ്ടി നാരായണൻ | 8/551ടൈലറിംഗ് ഷോപ്പ് | 200/-<br>119030101978/20.11.19 | നോട്ടീസ് നല്കിയിട്ടുണ്ടെന്നറിയിച്ചു |
| 21 | സുജിത്ത്. കെ | 1/232,233<br>പലചരക്ക് കട | 200/-<br>119030104274/16.03.20 | 200/- രൂപ രസീത് നം.1210301451/ 14.01.22 പ്രകാരം അടവാക്കി |
| 22 | കേളത്ത് സന്തോഷ് | 6/183<br>പലചരക്ക് കട | 200/-<br>119030102112/25.11.19 | 300/-രൂപ രസീത് നം.1210301442/ 14.01.22 പ്രകാരം അടവാക്കി |
| 23 | എം. രാമചന്ദ്രൻ | 8/350<br>പലചരക്ക് കട | 200/-<br>119030103446/25.01.20 | നോട്ടീസ് നല്കിയിട്ടുണ്ടെന്നറിയിച്ചു |
| 24 | വെങ്ങിണിശ്ശേരി കഞ്ഞിരാമൻ നായർ | 11/149<br>സ്റ്റേഷണറി | 300/-<br>119030104274/30.01.20 | 200/-രൂപ രസീത് നം.1210301456/ 14.01.22 പ്രകാരം അടവാക്കി |

| | | | | |
|---|---|---|---|---|
| 25 | വിനോദ്കുമാർ.പി | 1/83<br>പലചരക്ക് കട | 300/-<br>119030104025/29.02.20 | 200/-രൂപ രസീത് നം.1210301443/ 14.01.22 പ്രകാരം അടവാക്കി |
| 26 | രഞ്ജിത്ത് പുതുശ്ശേരി | 8/368 G<br>കംപ്യൂട്ടർ സെന്റർ | 300/-<br>119030104274/03.03.20 | 200/- രൂപ രസീത് നം.1210301444/ 14.01.22 പ്രകാരം അടവാക്കി |
| 27 | അനീഷ് കുറമാണി | 8/517<br>ബേക്കറി | 300/-<br>119030104135/05.03.20 | 200/-രൂപ രസീത് നം.1210301452/ 14.01.22 പ്രകാരം അടവാക്കി |
| 28 | സജി കോട്ടയം | 8/565<br>സ്റ്റുഡിയോ | 300/-<br>119030104223/12.03.20 | 200/- രൂപ രസീത് നം.1210301445/ 14.01.22 പ്രകാരം അടവാക്കി |
| 29 | ജംഷീർ കുന്നത്ത് | 8/167<br>ചിക്കൻ സ്റ്റാൾ | 300/-<br>119030104214/11.03.20 | 200/- രൂപ രസീത് നം.1210301453/ 14.01.22 പ്രകാരം അടവാക്കി |
| 30 | വിജേഷ് ഇമ്പത്ത് | 8/430<br>സ്റ്റേഷണറി | 300/-<br>119030104311/16.03.20 | 200/- രൂപ രസീത് നം.1210301454/ 14.01.22 പ്രകാരം അടവാക്കി |
| 31 | വി. ബാലകൃഷ്ണൻ | 11/153 A<br>കംപ്യൂട്ടർ സെന്റർ | 300/-<br>119030104274/16.03.20 | 200/- രൂപ രസീത് നം.1210301457/ 14.01.22 പ്രകാരം അടവാക്കി |
| 32 | രഘുനാഥൻ. കെ | 2/37 B<br>ബേക്കറി | 200/-<br>119030104274/21.07.19 | നോട്ടീസ് നല്കിയിട്ടുണ്ടെന്നറിയിച്ചു |
| 33 | എം. കെ. ഖദീജ | 8/361<br>മരമിൽ | 300/-<br>119030104178/25.07.19 | 200/- രൂപ രസീത് നം.1210301437/ 14.01.22 പ്രകാരം അടവാക്കി |

സ്ഥാപനങ്ങളിൽ നിന്ന് ചട്ടപ്രകാരം ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ ഫീസായ 500/- രൂപയിലും കുറഞ്ഞ തുക ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയെ (1/10.01.21) തുടർന്ന് 500/- രൂപയിൽ കുറവ് ഈടാക്കിയ മേൽ സംരംഭകരിൽ നിന്ന് ബാക്കി തുക ഈടാക്കി വിശദാംശങ്ങൾ ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഫീൽഡ്തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസുമാണ് സംരംഭകരിൽ നിന്നും ഈടാക്കേണ്ടത്. ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയും ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ലൈസൻസ് പുതുക്കൽ, പുതിയ ലൈസൻസ് അപേക്ഷ, വിറ്റുവരവ്, മൂലധനനിക്ഷേപം, തീയതി തുടങ്ങിയ കോളങ്ങൾ പല അപേക്ഷകളിലും പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പു വരുത്തി ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഫീൽഡ്തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-16 ക്ഷാമബത്ത കുടിശ്ശിക-എൻ.പി.എസ് വിഹിതം ഒടുക്കിയതിന്റെ വിവരം

ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നം. 21900086, 18.05.19 ₹144530

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ജി ഒ (പി) നം. 44/2019/ഫിൻ തീയതി 04.04.2019 പ്രകാരം അനുവദിച്ച 01.01.2018 മുതൽ 31.03.2019 വരെയുള്ള കാലയളവിലെ ക്ഷാമബത്ത കുടിശ്ശിക മേൽ വൗച്ചർ പ്രകാരം 144530/- രൂപ തനതു ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ പങ്കാളിത്ത പെൻഷൻ ബാധകമായിട്ടുള്ള താഴെ ചേർത്തിട്ടുള്ള ജീവനക്കാരിയിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം പിടിക്കാതെയാണ് ടി ജീവനക്കാരിക്ക് കുടിശ്ശിക ക്ഷാമബത്ത അനുവദിച്ച കാണുന്നത്. ജീവനക്കാരിയിൽ നിന്നും പെൻഷൻ വിഹിതം പിടിക്കാത്തതിനാൽ തന്നെ പഞ്ചായത്തും ഈയിനത്തിലെ തുല്യ വിഹിതം ഒടുക്കിയതായി കാണുന്നില്ല NPS അക്കൗണ്ടിൽ പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം ഒടുക്കിയിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.10/11.1.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

| പേര് /തസ്തിക | അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക | ഈടാക്കേണ്ട പെൻഷൻ വിഹിതം (10%*ഡിഎ) |
|---|---|---|
| അഞ്ജനകുമാരി, ക്ലർക്ക് | 13218 | 1322 |

ജീവനക്കാരിയിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം തിരിച്ച പിടിച്ച് പഞ്ചായത്ത് വിഹിതവും കൂടി ചേർത്ത് ഒടുക്ക വരുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-17 റോഡരികിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 90/20 (സ്പിൽ ഓവർ) റോഡരികിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 45,353/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| ചെലവ് | 45,353/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| ബിൽ നമ്പർ, തീയതി | 7/19-20 , 14.06.19 , ₹45353 |

റോഡരികിലെ അപകടകരമായ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ളതാണ് പ്രോജക്ട്. താഴെപറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായാണ് കെ.എസ്.ഇ.ബി. യുടെ മട്ടന്നൂർ ഓഫീസിലേക്ക് മുൻകൂറായി 45,353/- രൂപ നൽകിയിട്ടുള്ളത്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| കെ എസ് ഇ ബി | വട്ടപറമ്പ് - ഈച്ചിക്കുന്നമ്മൽ റോഡ് | 19443 |
| | ഈച്ചിക്കുന്നമ്മൽ -ഉറുപ്പ്കാട് റോഡ് | 14148 |
| | തില്ലങ്കേരി കുരാൻകുന്ന് റോഡ് | 11762 |

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ(കൈ) നമ്പർ11/2018/തസ്വഭവ, തീയതി-29.01.2018) ഡെപ്പോസിറ്റ് വർക്കുകൾ ഖ.11 (ഡി) (ii) പ്രകാരം തദ്ദേശഭരണ സ്ഥാപനം കെ എസ് ഇ ബി യുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമെ തുക മുൻകൂർ നൽകാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മേൽ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വൈദ്യുതി ബോർഡുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല.

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/17.01.2022) ലഭിച്ച മറുപടിയിൽ കെ.എസ്.ഇ.ബി. യിൽ നിന്നും പൂർത്തീകരണ

സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ തുക നൽകുന്ന സംഗതികളിൽ കരാർ വെക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമക്കിയിട്ടില്ല - ചെലവ് തുക 165173/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 89/20<br>പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 165173/- (വികസന ഫണ്ട്) |
| ആകെ അടങ്കൽ | 165173/- |
| ചെലവ് | 165173/- |
| ബിൽ നമ്പർ,തിയതി | 4/19-20, 14.05.2019 |

മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ ഫർണിച്ചർ സിഡ്കോ വിൽ നിന്നും ഇൻവോയ്സ് നമ്പർ Sse/knr/17-18/TI/188/28.2.19 പ്രകാരം വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/17.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| സ്റ്റീൽ വിസിറ്റേഴ്സ് ചെയർ | 13 |
| പെർഫൊറേറ്റഡ് ഷീറ്റ് വിസിറ്റേഴ്സ് ചെയർ (22 G) | 20 |
| സ്റ്റീൽ ആംലെസ്സ് ചെയർ | 4 |
| റിവോൾവിംഗ് ചെയർ മീഡിയം ബാക്ക് വിത്ത് ബുഷ് ബാക്ക് (22 G) | 1 |
| കമ്പ്യൂട്ടർ ചെയർ വിത്ത് ആം (22 G) | 1 |
| പ്ലാസ്റ്റിക്ക് ആം ചെയർ – നീൽ കമൽ | 24 |

ഈ പദ്ധതിക്കു വേണ്ടി വാങ്ങിയ സാധനങ്ങളുടെ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ 1,65,173/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 വെറ്റിനറി ഡിസ്പൻസറിയിലേക്ക് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും- ചെലവ് രേഖകളുടെ അഭാവത്തിൽ 59660/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് പേര് / നമ്പർ | 91/20 വെറ്റിനറി ഡിസ്പെൻസറിയിലേക്ക് കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും (സ്പിൽ ഓവർ) |
| അടങ്കൽ | 60000 ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 59660 |
| ബിൽ നമ്പർ, തിയതി | 5/05.04.2019 |

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 2018-19 കാലയളവിൽ പ്രോജക്ട് നമ്പർ 135/19 പ്രകാരം 100000/- രൂപ ഭൂജല വകുപ്പിന് ചെലവഴിച്ചതിന്റെ ചെലവ് രേഖകളാണ് ഹാജരാക്കിയത്. പ്രസ്തുത തുക എന്തിനു വേണ്ടിയാണ് ചെലവഴിച്ചതെന്ന് വ്യക്തമല്ല. ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 2019-20 വർഷത്തെ ചെലവ് പത്രിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 59660/- രൂപ ചെലവായിട്ടുണ്ട്. എന്നാൽ ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/19-20/17.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 59660/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

വൗച്ചർ നമ്പർ-21900482 ,20.01.2020 – ₹62397

ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ വാങ്ങുന്നതിന് പാലക്കാട് ഗ്രാമലക്ഷമി മുദ്രാലയത്തിന് മേൽ കാണിച്ച വൗച്ചർ പ്രകാരം തുക അനുവദിച്ചിട്ടുണ്ട് . ഇൻവോയ്സ് കം ഇൻഡന്റ് മാത്രമാണ് വൗച്ചറിനോടൊപ്പം ഉള്ളത്. ഒറിജിനൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ സ്റ്റേഷനറി സാധനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. ( ഓഡിറ്റ് എൻക്വയറി നമ്പർ-14/11.1.2022).

<u>സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ</u>

പഞ്ചായത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഓഫീസ് ആവശ്യത്തിനായി വാങ്ങിയ രജിസ്റ്ററുകൾ , ഫോറങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവയെല്ലാം സ്റ്റോക്ക് രജിസ്റ്ററിൽ ഒരുമിച്ച് രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഓരോ ഇനത്തിനും പ്രത്യേകം പേജ് നൽകുന്നില്ല. സ്റ്റോക്കിൽ എടുത്ത തീയതിയോ വൗച്ചർ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്താത്തിനാൽ രജിസ്റ്ററിൽ രേഖപ്പെടത്തിയതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഓരോ ഇനത്തിനും പ്രത്യേകം പേജ് നല്കി സ്റ്റോക്ക് വിതരണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ഏതൊരു ദിവസത്തെ നീക്കിയിരിപ്പും ഭൗതിക പരിശോധന പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. സാമ്പത്തിക വർഷാവസാനം സാധനങ്ങളുടെ ഭൗതിക പരിശോധന നടത്തി സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. (കെ.എഫ്.സി. Vol I – Article 158 കാണുക).

## <u>1-21 കൃഷിഭവനിലേക്ക് കംപ്യൂട്ടറും പ്രിന്ററും വാങ്ങൽ -രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 14851 രൂപ തടസ്സപ്പെടുത്തുന്നു .</u>

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് പേര് /നമ്പർ | 28/19-20 കൃഷിഭവനിലേക്ക് കംപ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ | 60000/- (മെയിന്റനൻസ് ഫണ്ട് ) |
| ചെലവ് | 55320/- |
| ബിൽ നമ്പർ/തീയതി | 19220652010600825811, 15.11.19 |

കൃഷി ഭവനിലേക്ക് കംപ്യൂട്ടറും പ്രിന്ററും വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം CPRCS ലെ വ്യവസ്ഥകൾ അനുസരിച്ച് കമ്പ്യൂട്ടർ വാങ്ങുന്നതിന് കെൽട്രോണിന്റെ 1 കംപ്യൂട്ടർ, 1 പ്രിന്റർ എന്നിവ വാങ്ങുന്നതിന് ₹55320 കെൽട്രോണിന്റെ 5.11.19 ലെ TVM/ITBG/Pi/RC/10780/ 20-21, നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരം 40469 രൂപ ഡെസ്ക്ടോപ്പിനും 14851/- രൂപ എ4 മൾട്ടി ഫംഗ്ഷൻ പ്രിന്ററിനും ഉൾപ്പെടെ 55320/- രൂപ കെൽട്രോണിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (അക്കൗണ്ട് നമ്പർ-799011400003959). എന്നാൽ ഇൻവോയ്സ് നമ്പർ ITBG/IIP/SRC/PO/00686, 19.6.2020 പ്രകാരം കമ്പ്യൂട്ടർ മാത്രമാണ് കെൽട്രോൺ സപ്ലൈ ചെയ്തത്. പ്രിന്റർ ലഭ്യമായോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 22/17.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല . രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ എ4 മൾട്ടി ഫംഗ്ഷൻ പ്രിന്ററിന് വേണ്ടി നൽകിയ ചെലവ് തുക 14851/- രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-അപാകങ്ങളും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതും</u>

തൻവർഷം കന്നുകുട്ടി പരിപാലനം പദ്ധതിയിനത്തിൽ രണ്ടു പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 4 മുതൽ 6 മാസം വരെ പ്രായമായ കന്നുകുട്ടികളെ കണ്ടെത്തി ഇൻഷ്വറൻസ് പരിരക്ഷയും, 32 മാസം വരെയോ ആദ്യ പ്രസവം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ കാലിത്തീറ്റയും വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. തില്ലങ്കേരി ക്ഷീര സഹകരണ സംഘം, ഉരുവച്ചാൽ ക്ഷീര സഹകരണ സംഘം എന്നിവ മുഖേനയാണ് കാലിത്തീറ്റ വിതരണം ചെയ്തത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 10/19-20<br>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |

| | |
|---|---|
| അടങ്കൽ | 375000/- വികസന ഫണ്ട്<br>375000/- ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ |
| ആകെ അടങ്കൽ | 750000/- |
| ചെലവ് | 750000/- |
| ബിൽ നമ്പർ,തീയതി | P3/19-20,27.10.19 ₹375000 |

പ്രോജക്റ്റ് പ്രകാരം 12500 വീതം 30 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക 375000/- രൂപ Slbp ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മേൽ പറഞ്ഞ ബിൽ പ്രകാരം കൈമാറിയിട്ടുണ്ട്.

2)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ, പേര് | 11/19-20 എസ് എൽ ബി പി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 187500/- വികസന ഫണ്ട്<br>187500/- സംസ്ഥാനാവിഷ്കൃതം<br>375000/- ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ |
| ആകെ അടങ്കൽ | 750000/- |
| ചെലവ് | 187500/- വികസന ഫണ്ട്<br>187500/- സംസ്ഥാനാവിഷ്കൃതം<br>375000/- ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ |
| ബിൽ നമ്പർ,തീയതി | P4/19-20 , 27.10.19 ₹187500 |

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി 6250/- രൂപ വീതം 30 ഗുണഭോക്താക്കളുടെ സബ്സിഡി തുകയായ 187500/- രൂപ എസ്.എൽ. ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നിന്നും 2 ഗുണഭോക്താക്കൾ ഒഴിവായിട്ടുണ്ട്. ഒഴിവായ ഗുണഭോക്താക്കൾ വിട്ട് നിന്ന കാലയളവ് സംബന്ധിച്ച് വിവരം ലഭ്യമല്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് അനർഹമായ കാലയളവിലേക്ക് അനുവദിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

2. ക്രമ നമ്പർ 1, 2 പ്രോജക്ടുകളുടെ ഭാഗമായി ലഭിച്ച ഭൂരിഭാഗം അപേക്ഷകളിലും പേര്, വാർഡ് നമ്പർ, ഒപ്പ് മാത്രമാണ് രേഖപ്പെടുത്തിയത്. അത്യാവശ്യം വേണ്ട വിവരങ്ങളായ കന്നുകുട്ടികളുടെ എണ്ണം, അപേക്ഷകൻ അംഗമായ ക്ഷീരസംഘത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. രണ്ടു പ്രൊജക്ടുകളുടെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12&13/11.01.2022) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ അപേക്ഷ ഫോറങ്ങളിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയിൽ ഒഴിവായി പോയവരുടെ സബ്സിഡി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും തിരിച്ചടച്ച തുകയുടെ വിവരം, പദ്ധതി പൂർത്തിയാക്കുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖ 11.3 (2 മുതൽ 9 വരെ) പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന വിധത്തിൽ കുറ്റമറ്റ രീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി

## അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ, തില്ലങ്കേരി ഗ്രാമപഞ്ചായത്ത് |
| പ്രൊജക്ട് നമ്പർ / പേര് | 3/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹10,00,000<br>(₹5,00,000- വികസന ഫണ്ട്<br>₹2,50,000-ബ്ലോക്ക്പഞ്ചായത്ത്<br>₹2,50,000 - ജില്ലാ പഞ്ചായത്ത്) |
| ചെലവ് തുക | ₹1,57,500 ബിൽ നമ്പർ / തീയ്യതി : 03/19-20/ 02.09.2019<br>₹2,71,200 ബിൽ നമ്പർ / തീയ്യതി : 09/19-20 തീയതി 06.01.2020<br>₹2,00,000 ചെക്ക് നമ്പർ/ തീയ്യതി : 6196113 തീയതി 28.03.2020<br>ആകെ ₹ 6,28,700 |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങളുണ്ട്.

1) ചുവടെ ചേർത്ത വിദ്യാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറും തുക കൈമാറിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറും വ്യത്യസ്തമാണ്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ | തുക കൈമാറിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | റിതിക.കെ.പി | 67397665579 (SBI) | 40514101027226 (KLGB) |
| 2 | അനാമിക റഷീദ് | 40514101029136 (KLGB) | 673000279223 (SBI) |
| 3 | മുഹമ്മദ് സഹൽ. സി | 67391326530(SBI) | 40514101010934 (KLGB) |
| 4 | മുഹമ്മദ് റിദാൻ. ടി. പി | 67390729256(SBI) | 67196964214(SBI) |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (18/14.01.22) അങ്കണവാടി വർക്കർമാർ മുഖേന മേൽപ്പറഞ്ഞവർക്ക് തുക ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് നല്കിയ മറുപടി തൃപ്തികരമല്ല. മേൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ തന്നെയാണ് തുക കൈമാറിയതെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

2) പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷ്യൽ സ്കൂളുകളിലോ, നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠന സാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രയ്ക്കായുള്ള വാർഷികബത്ത എന്നിവയടക്കം പരമാവധി ₹28500 വരെ നൽകാവുന്നതാണ്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അവർ പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ അർഹമായ തുക സബ്സിഡിയായി നൽകേണ്ടതാണ്. എന്നാൽ മാർഗ്ഗരേഖ പ്രകാരം സർക്കാർ നിശ്ചയിച്ച തുകയിലും കുറവാണ് വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (18/14.01.22) ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ആവശ്യപ്പെട്ടതിനനുസരിച്ച് ലഭ്യമാകാത്തതിനാലാണ് മുഴുവൻ തുകയും കൈമാറാൻ സാധിക്കാതെ വന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

3) മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വാർഷികമായി വസ്ത്രങ്ങൾക്ക് ₹1500 യും യാത്രാബത്ത ഇനത്തിൽ ₹12000 യും നൽകാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക്

ഏതൊക്കെ ഇനങ്ങളിലാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിൽനിന്നും വ്യക്തമാകാത്തതിനാൽ അർഹതപ്പെട്ട യാത്രാ ബത്തയും യൂണിഫോം അലവൻസും വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം സർക്കാർ നിശ്ചയിച്ചതിലും കുറഞ്ഞ തുക വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ വരും വർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് അനുവദനീയമായ ആനുകൂല്യം പൂർണ്ണമായി നൽകുവാനായി ഗ്രാമപഞ്ചായത്ത് മതിയായ ഫണ്ട് മാറ്റി വയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-24 പെൻഷൻ വിതരണം-അനർഹമായി നൽകിയ ₹ 34,600 തിരിച്ചടച്ചു

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് 2019-20 വർഷം തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി (നം.19/17.01.2022) നൽകിയതിനെ തുടർന്ന്, മരണശേഷം കൈപ്പറ്റിയ തുക 34,600/- കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തിരിച്ചടച്ചിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നമ്പർ | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| ശങ്കരൻ നായർ.കെ | 945376946697 | 111660100759 | 4/20 Dt 17.1.20 | 1.1.2020 | കർഷക തൊഴിലാളി പെൻഷൻ) | 12/21 വരെ |

01.04.2019 മുതൽ 31.12.2019 വരെയുള്ള ഡെത്ത് റിപ്പോർട്ടിനോടൊപ്പം, കൃത്യമായ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാത്തതിനാൽ പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ആയതും പരിശോധിച്ച് അധികം നൽകിയ തുക തിരികെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് അടവാക്കേണ്ടതാണ്. മാത്രമല്ല പെൻഷൻ അനുവദിക്കുമ്പോൾ അനർഹർക്ക് നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും, മരണപ്പെടുന്ന മുറയ്ക്ക് പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 ഹോമിയോ മരുന്ന് വാങ്ങൽ - 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -പി എച്ച് സി |
| പ്രൊജക്ട് നമ്പർ / പേര് | 33/20 – ഹോമിയോ മരുന്ന് വാങ്ങൽ |
| അടങ്കൽ | 50000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 50000/- |
| ബിൽ നമ്പർ, തീയതി | 19220652010400824683,15.11.2019 |

മേൽ ബിൽ പ്രകാരം കേരള സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹50000 മുൻകൂർ നൽകിയിട്ടുണ്ട്. പ്രഫോർമ ഇൻവോയ്സ്, മരുന്ന് ലഭ്യമായതിന്റെ രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/14.01.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രഫോർമ ഇൻവോയ്സ് ലഭിക്കാതെ തുക മുൻകൂർ നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്. അതിനാൽ ₹50000 തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഒറിജിനൽ ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി വരുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 സാമൂഹ്യ വിദ്യാഭ്യാസ യജ്ഞം -രേഖകൾ ഹാജരാക്കാത്തത് - ₹30,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് | സാമൂഹ്യ വിദ്യാഭ്യാസ യജ്ഞം |
| പ്രോജക്ട് നം | 72/20 |
| അടങ്കൽ | 30,000/- വികസന ഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം |
| ചെലവ് | 30,000/- |
| ബിൽ നം. & തീയതി | 2/20.08.2019 |

പഞ്ചായത്തിലെ 9 സ്കൂളിൽ പത്ര വിതരണം നടത്തിയ വകയിൽ കണ്ണൂർ, ദേശാഭിമാനിയ്ക്ക് ₹30,000 നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ പറയുന്നു .

1- ദേശാഭിമാനി മാനേജ്മെന്റും നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ വെച്ച കരാറിൽ (എഗ്രിമെന്റ് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല).

2- 2019-20 അധ്യയന വർഷത്തെ എല്ലാ പ്രവൃത്തി ദിവസവും 30 കോപ്പി @1,000 വിതരണം ചെയ്യണം എന്നാണ് കരാറിൽ രേഖപ്പെടുത്തിയത്. എന്നാൽ പത്രസ്ഥാപനം നൽകിയ രേഖയിലെ ലിസ്റ്റ് പ്രകാരം 9 സ്കൂളിൽ 12.7.2019 മുതൽ 11.7.2020 വരെ 30 കോപ്പി എന്നാണ് രേഖപ്പെടുത്തിയത്.

3- പത്ര വിതരണത്തിന് തുക മുൻകൂറായി നൽകി.

4- തുക കൈപ്പറ്റി രശീതിയിൽ (രശീതി നം. 8394) തീയതി രേഖപ്പെടുത്തിയിട്ടില്ല.

5- പത്രം നൽകിയതിന്റെ ബിൽ ഇല്ല.

രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.8/11.01.2022) നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ ₹30,000 തടസ്സപ്പെടുത്തുന്നു.

## 1-27 എസ് എസ് എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് | എസ് എസ് എ വിഹിതം നൽകൽ |
| പ്രോജക്ട് നം | 73/20 |
| അടങ്കൽ | 5,00,000/- വികസന ഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം |
| ചെലവ് | 5,00,000/- |
| ബിൽ നം. & തീയതി | 1/20.08.2019 |

എസ് എസ് എ വിഹിതം നൽകൽ പദ്ധതിയിൽ ₹5,00,000 SSA ജില്ലാ പ്രൊജക്ട് ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (നം.9/11.01.2022) നൽകിയെങ്കിലും താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1- പഞ്ചായത്തിലെ വിവിധ സ്കൂളിൽ നടപ്പിലാക്കേണ്ട ആക്ടിവിറ്റീസ്, പരിശീലന പരിപാടികൾ, നിർമ്മാണ പ്രവർത്തനങ്ങൾ മുതലായവ തയ്യാറാക്കിയിട്ടുള്ള SSA വാർഷിക വർക്ക് പ്ലാൻ & ബജറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും, ഈ വിധത്തിൽ മേൽ തുക ഉപയോഗിച്ച് പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ, നടത്തിയ പ്രവർത്തനങ്ങൾ, ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം, തുക കൈപ്പറ്റി രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല.

2- വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 1-28 തുല്യത പരീക്ഷയുടെ രേഖകൾ ഹാജരാക്കേണ്ടതും തുടർപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും

| | |
|---|---|
| നിർവ്വഹണ | ഹെഡ്മാസ്റ്റർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രോജക്ട് | തുല്യത പരീക്ഷ പഠന സഹായം |
| പ്രോജക്ട്&നം | 74/20 |
| അടങ്കൽ | 37,750/- വികസന ഫണ്ട് പൊതു വിഭാഗം – സാധാരണ വിഹിതം |
| ചെലവ് | 37,750/- |
| ബിൽ നം &തീയതി | 5/13.3.2020 |

പത്താം തരം, ഹയർ സെക്കണ്ടറി പഠിതാക്കൾക്കുള്ള തുല്യത പരീക്ഷ പഠന സഹായത്തിന് വേണ്ടി ₹37,750 കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| കോഴ്സ് | പഠിതാക്കളുടെ എണ്ണം | കോഴ്സ് ഫീ | തുക |
|---|---|---|---|
| പത്താം തരം | 9 | @1750 | 15,750 |
| ഒന്നാം- ഹയർ സെക്കണ്ടറി | 1 | @ 2200 | 2200 |
| രണ്ടാം -ഹയർ സെക്കണ്ടറി | 9 | @ 2200 | 19,800 |
| ആകെ | | | 37,750 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1- പഠിതാക്കളുടെ കോഴ്സ് സർട്ടിഫിക്കറ്റ്

2- കേരള സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടറുടെ കൈപ്പറ്റ് രശീതി

3- വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് .

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/11.01.2022), പരീക്ഷ 11 ,12/21ൽ നടന്നതായും എന്നാൽ കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഹാജരാക്കിയ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തൃപ്തികരമല്ല. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 10.01.2022, 12.01.2022 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.10/ 104/2022 |

| | | |
|---|---|---|
| | | തീയതി 05.03.2022. |

## 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ചഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 5,00,000 | പള്ള്യം വയോജന വിശ്രമമന്ദിരം നിർമ്മാണം-57/20 | 0 | 5,00,000 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 5,00,000 | പെരിങ്ങാനം പൊതുകളം നിർമ്മാണം -58/20 | 0 | 5,00,000 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 5,00,000 | മച്ചൂർമല കുടിവെള്ള പദ്ധതി-59/20 | 0 | 5,00,000 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | 10,00,000 | ആധുനിക ഗ്യാസ് ശ്മശാനത്തിന് അനുബന്ധ സൗകര്യ ങ്ങൾ-81/20 | 0 | 10,00,000 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 810474 | | വയോജന വിശ്രമ കേന്ദ്രം അറ്റകുറ്റപണി 113/20 | 144700 | 665774 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 2,97,500 | തരിശ്ശ രഹിത ഗ്രാമം – സമഗ്ര നെൽകൃഷി വികസനം -12/20 | 2,97,500 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 3,00,000 | ക്ഷീര കർഷകർക്ക് പാലുത്പാദന ഇൻസെന്റീവ് 18/20 | 3,00,000 | 0 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 12,24,000 | ലൈഫ് ഭവന പദ്ധതി – രണ്ടാം ഘട്ടം ഭവന പൂർത്തീ കരണം 13/20 | 11,40,000 | 84,000 |
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 2,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിതരണം – 3/20 | 2,00,000 | 50,000 |
| ആകെ | 8,10,474 | 45,71,500 | | 20,82,200 | 32,99,774 |

| | | | | | |
|---|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് വിഹിതം | | 3,00,000 | ക്ഷീരകർഷകർക്ക് പാലുത്പാദന ഇൻസെന്റീവ് 18/20 | 3,00,000 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് വിഹിതം | 3,01,237 | 5,40,000 | ലൈഫ് ഭവന പദ്ധതി -രണ്ടാം ഘട്ടം ഭവന പൂർത്തീകരണം 13/20 | 40,000 | 801237 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് വിഹിതം | | 6,00,000 | മച്ചുമല കുടിവെള്ള പദ്ധതി- 4,00,000<br>പെരിങ്ങാട് -കുടിവെള്ള പദ്ധതി- 2,00,000 | 0 | 6,00,000 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് വിഹിതം | 20261 | 0 | ക്രിമിറ്റോറിയം | 0 | 20261 |
| ആകെ | 3,21,498 | 14,40,000 | | 3,40,000+ 413560 (തിരിച്ചടച്ച | 1421498 |

1. ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ മുന്നിരിപ്പിലുള്ള 4,13,560/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

2. ക്ഷീര കർഷകർക്ക് ഇൻസെന്റീവ് (പ്രൊജക്റ്റ് നം. 1/18) എന്ന പദ്ധതിക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ബാക്കിയായ 1,27,424/- രൂപയും തിരിച്ചടച്ചിട്ടുണ്ട്.

ചെലവഴിക്കാൻ സാദ്ധ്യതയില്ലാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം.& തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യ പത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| K S E B | റോഡരികിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 19220652010100192813 Dt14.6.2019 | 45,353 | 0 | 45,353 |
| ഭൂജല വകുപ്പ് | വെറ്ററിനറി ഡിസ്പെൻസറിയിൽ കുഴൽ കിണറും അനുബന്ധ സൗകര്യങ്ങളും -91/20 | 5/05.04.2019 | 59,660 | 0 | 59,660 |

(ഖണ്ഡിക 1-17, 1-19 എന്നിവ കാണുക).

## 4-4 മൊബിലൈസേഷൻഅഡ്വാൻസ് നൽകിയതിന്റെവിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെകൊടുക്കുന്നു.

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായിരുന്ന തുക | ഒടുക്കിയ തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | 71,20,000 | GO(ms) 68/18/L S G D Date 18.5.2018 | 71,25,609 | | | 71,25,609 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ്റിക്കവറി

ഇല്ല

## 4-8 സമാഹൃതഓഡിറ്റ്റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | തുടരുന്നു |

## 4-9 ചാർജ്/സർചാർജ്നടപടിവഴിഈടാക്കിയതുകയുടെവിവരം-

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,46,55,384 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,01,49,572 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,19,684 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,65,173 | അജിത്ത്കുമാർ.ജി.വി, സെക്രട്ടറി |
| 1-19 | 59,660 | അജിത്ത്കുമാർ.ജി.വി, സെക്രട്ടറി |
| 1-21 | 14,851 | അനുപമ.കെ, കൃഷി ഓഫീസർ |
| 1-25 | 50,000 | ഡോ.രഞ്ജിത്ത് നടേഷ്, മെഡിക്കൽ ഓഫീസർ (PHC) |
| 1-26 | 30,000 | മനോഹരൻ കോളപ്രത്ത്, ഹെഡ് മാസ്റ്റർ |

| | | |
|---|---|---|
| ആകെ | 3,19684 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്, ഉദ്യോഗപ്പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| അജിത്ത്കുമാർ.ജി.വി,<br>സെക്രട്ടറി | വിരമിച്ചു | ഐശ്വര്യ,കുയിലൂർ,<br>പടിയൂർ (പി ഒ),ഇരിട്ടി |
| അനുപമ.കെ,<br>കൃഷി ഓഫീസർ | കൃഷിഓഫീസർ , ജില്ലാ കൃഷി തോട്ടം , കോഴ കുറവിലങ്ങാട്, 686636 | മുല്ലനാട്ട് ഹൗസ്,<br>വളവൂർ (പി ഒ),<br>മരങ്ങാട്ട്പള്ളി,<br>കോട്ടയം-636635 |
| മനോഹരൻ കോളപ്രത്ത്,<br>ഹെഡ് മാസ്റ്റർ | വിരമിച്ചു | അനന്തോത്ത് ഹൗസ്,<br>കാനാട്,എടയൂർ(പിഒ) |
| ഡോ.രഞ്ജിത്ത് നടേഷ്,<br>മെഡിക്കൽ ഓഫീസർ (PHC) | മെഡിക്കൽ ഓഫീസർ (FHC), കവിയൂർ, പത്തനംതിട്ട | പ്രണവം, കുന്നന്താനം,<br>ചങ്ങനാശ്ശേരി, കോട്ടയം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ./കെ.എൻ.ആർ./സി.10/ 727/2019 തീ.04.06.2019 | 1 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി.10/ 727/2019 തീ.04.06.2019 | 4 |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ./സി.10/ 727/2019 തീ.04.06.2019 | 3 |
| 2009-10 | കെ.എസ്.എ./കെ.എൻ.ആർ./സി.10/ 727/2019 തീ.04.06.2019 | 3 |
| 2010-11<br>2011-12 | കെ.എസ്.എ./കെ.എൻ.ആർ./സി.10/ 727/2019 തീ.04.06.2019 | 7 |
| 2012-13<br>2013-14 | കെ.എസ്.എ./കെ.എൻ.ആർ./സി.10/ 727/2019 തീ.04.06.2019 | 1 |
| 2014-15 | കെ.എസ്.എ./കെ.എൻ.ആർ./സി.10/ 727/2019 തീ.04.06.2019 | 4 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി.10/727/2019 തീ.04.06.2019 | 6 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.10 / 1642/2017 തീ.13.10.2017 | 4 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി.10/636/2019 തീ.05.07.2019 | 5 |
| 2018-19 | കെ.എസ്.എ./കെ.എൻ.ആർ/സി.10/885/2020 തീ.18.11.20 | 19 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റെസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Thillankeri Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6227216.30 |
| Cash | Cash | RP-40(a) | 72247.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 440480.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1500.00 |
| 140000000 | Fees & User Charges | RP-4 | 367494.00 |
| 150000000 | Sale & Hire Charges | RP-5 | 107150.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 22889090.00 |
| 171000000 | Interest Earned | RP-9 | 107521.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8577105.00 |

| | | | |
|---|---|---|---|
| | | | |
| 350000000 | Other Liabilities | RP-36 | 75156.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 22255.00 |
| 330000000 | Secured Loans | RP-32 | 552.00 |
| 340000000 | Deposits Received | RP-34 | 180663.00 |
| 350000000 | Other Liabilities | RP-36 | 178510.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1693141.00 |
| 460000000 | Loans, Advances and Deposits | RP-47 | 14767.00 |
| | Grand total | | 40954847.30 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2648303.00 |
| 220000000 | Administrative Expenses | RP-12 | 366005.00 |
| 230000000 | Operations & Maintenance | RP-13 | 274057.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2913287.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 7869882.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 227486.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 28250.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 781960.00 |
| 255000000 | Maintenance Projects | RP-20 | 3202641.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 9400.00 |
| 280000000 | Prior Period item | RP-26 | 136722.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 688110.00 |
| 350000000 | Other Liabilities | RP-36 | 4189004.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1581.00 |
| 311000000 | Earmarked Funds | RP-29 | 3000.00 |
| 340000000 | Deposits Received | RP-34 | 56258.00 |
| 350000000 | Other Liabilities | RP-36 | 1426659.00 |
| 410000000 | Fixed Assets | RP-38 | 3772262.00 |
| 412000000 | Capital work in Progress | RP-40 | 535600.00 |
| 460000000 | Loans, Advances and Deposits | RP-47 | 1019105.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 10801493.30 |
| Cash | Cash | RP-40(b) | 3782.00 |

| | | |
|---|---|---|
| | Grand Total | 40954847.30 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annex3-2

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Thillankeri Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2189063.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 40091.00 |
| 140000000 | Fee & User Charges | I-4(b) | 449594.00 |
| 150000000 | Sale & Hire Charges | I-5(b) | 107150.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 77282612.00 |
| 171000000 | Interest Earned | I-8 | 107521.00 |
| 180000000 | Other Income | I-9 | 211308.00 |
| | Total Income | | 80387339.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7736193.00 |
| 220000000 | Administrative Expenses | I-11(b) | 366005.00 |
| 230000000 | Operations & Maintenance | I-12(b) | 695116.00 |
| 240000000 | Interest & Finance Charges | I-13 | 1581.00 |
| 250000000 | Decentralised Plan Programme- | I-14 | 3929175.00 |

| | | | |
|---|---|---|---|
| | Productive Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 45001222.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 149098.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 28250.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 14330060.00 |
| 255000000 | Maintenance Projects | I-14(e) | 3202641.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 9400.00 |
| 272000000 | Depreciation | I-17(a) | 4966167.00 |
| | Total Expenditure | | 80414908.00 |
| | Gross Surplus/ Deficit of income over Expenditure | | -27569.00 |
| 280000000 | Prior Period Item | I-18 | 165664.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -193233.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annex3-3

ബാലൻസ് ഷീറ്റ്

| Thillankeri Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -8368283.20 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 105915.00 |
| 312000000 | Reserves | B-3 | 35814403.00 |
| | Total Reserve & Surplus | | 27552034.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9544583.50 |
| | Total Grants, Contributions for Specific Purposes | | 9544583.50 |
| | Loans | | |
| 330000000 | Secured Loans | B-5 | 7125609.00 |
| | Total Loans | | 7125609.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 344760.00 |
| 350000000 | Other Liabilities | B-9 | 587268.00 |
| | Total Current Liabilities and Provisions | | 932028.00 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 45154255.30 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 49274387.00 |
| 411000000 | Accumulated Depreciation | B-11 | -17524830.00 |
| 412000000 | Capital Work in Progress | B-11(a) | 1756739.00 |
| | Total Fixed Assets | | 33506296.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 86103.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 10805275.30 |
| 460000000 | Loans, Advances and Deposits | B-18 | 756581.00 |
| | Total Current Assets, Loans and Advances | | 11647959.30 |
| | Other Assets | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | | | 45154255.30 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.